# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/288/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/288/2023 തീയ്യതി: 20/03/2023

## കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-05-2022 മുതൽ 23-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ കെ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ.ഹരി ഇ.വി (ഓഡിറ്റ് ഓഫീസർ )
ശ്രീ.സതീഷ് കുമാർ സി.പി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ അനൂപ് കെ.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ))
ശ്രീമതി ലത .ടി.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ))
ശ്രീ ബിബിൻ ഇ.സി (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അൻസു ഒ എ | സെക്രട്ടറി | 01-04-2021 | 23-11-2021 |
| ശ്രീ അജിത്ത് പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-11-2021 | 19-12-2021 |
| ശ്രീ അൻസു ഒ എ | സെക്രട്ടറി | 20-12-2021 | 09-01-2022 |
| ശ്രീ അജിത്ത് പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2022 | 23-01-2022 |
| ശ്രീ അൻസു ഒ.എ | സെക്രട്ടറി | 24-01-2022 | 31-03-2022 |
| ശ്രീ. ലിന്റോ ജോസഫ് | പ്രസിഡന്റ് | 01-04-2021 | 20-05-2021 |
| ശ്രീമതി. മേരി തങ്കച്ചൻ | പ്രസിഡന്റ് | 21-05-2021 | 21-07-2021 |
| ശ്രീ.ജോസ് തോമസ് | പ്രസിഡന്റ് | 22-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുഹമ്മദ് പി.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി,ഫസ്ലീ വി.കെ | ഐ .സി .ഡി .എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ പ്രിയ വി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജി പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ മുസ്തഫ പള്ളിയാളി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ അജിത്ത് പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി റെജിമോൾ ജോർജ്ജ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മെർലിൻ അലക്സ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സല്ലി പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 11-05-2021 |

| | | | |
|---|---|---|---|
| ഡോ മാത്യു ആൻഡ്രൂസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-05-2021 | 31-07-2021 |
| ഡോ.സല്ലി പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-08-2021 | 16-08-2021 |
| ഡോ ഗീത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-08-2021 | 13-11-2021 |
| ഡോ.സല്ലി പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-11-2021 | 17-11-2021 |
| ഡോ ഗീത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-11-2021 | 15-12-2021 |
| ഡോ പ്രിയ വി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-12-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1- 2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്ഷേമ പദ്ധതികൾ | 1-6 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 11 | വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1- 9 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1- 10 |
| 13 | ശ്മശാന നിർമ്മാണം - ഫീസിബിലിറ്റി ഉറപ്പാക്കാതെ പദ്ധതി രൂപീകരിച്ചു - പദ്ധതി ഉപേക്ഷിച്ചിട്ടും ജില്ലാപഞ്ചായത്ത് വിഹിതം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 1 - 11 |
| 14 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1- 12 |
| 15 | കുടിവെള്ള പദ്ധതിയ്ക്കുള്ള മോട്ടോർ ടെണ്ടറില്ലാതെ റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി | 1-13 |
| 16 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1- 14 |
| 17 | മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യാത്തതിനാൽ സർക്കാരിന് അധിക ബാദ്ധ്യത | 1- 15 |
| 18 | വരൾച്ചാ സമയത്തെ കുടിവെള്ളവിതരണം - അപാകതകൾ | 1 - 16 |
| 19 | പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കൽ - അപാകതകൾ | 1 - 17 |
| 20 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1- 18 |
| 21 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-19 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-20 |
| 23 | ഒരേ റോഡിലുള്ള പ്രവർത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ | 1- 21 |
| 24 | പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച് | 1-22 |

| | | |
|---|---|---|
| 25 | പൊതു മരാമത്ത് പ്രവൃത്തികൾ : ചെറിയ പ്രവൃത്തികൾ കൂട്ടതലായി ഏറ്റെടുക്കുന്നു | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യാത്തതിനാൽ സർക്കാരിന് അധിക ബാദ്ധ്യത -84800/- | 3 -1 |
| 2 | വരൾച്ചാ സമയത്തെ കുടിവെള്ളവിതരണം - അപാകതകൾ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4 -1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4 -2 |
| 3 | നിക്ഷേപ പ്രവർത്തിക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4 -10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4 -11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 18.2.2021 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം താഴെ പറയും വിധം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 80,35,498 |
| വരവ് | 17,70,11,600 |
| ആകെ | 18,50,47,098 |
| ചെലവ് | 17,89,22,843 |
| നീക്കിയിരിപ്പ് | 61,24,255 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 07.05.2022 |

## 1- 2-1 വാർഷിക കണക്കിലെ അപാകതകൾ

ഭരണസമിതിയുടെ 05/05/2022ലെ 1/ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷിക കണക്കിലെ B - 4 ഷെഡ്യൂൾ പ്രകാരം - 3668879/- (3007116 + 661763) B - 17 ഷെഡ്യൂൾ പ്രകാരം - 36,42,665/- രൂപയാണ്. ഇവ തമ്മിൽ 26,214/- രൂപയുടെ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസത്തിനുളള കാരണം വ്യക്തമാക്കേണ്ടതാണ്.

2. ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62)

3. വാർഷികകണക്ക് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി തൻ വർഷം ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 50,00,000/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടായ 30917491165 അക്കൗണ്ടിലാണ് ഈ തുക നീക്കിയിരിപ്പുള്ളത്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. പ്രോജക്ട് നമ്പർ 27/22 പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്ന പദ്ധതിയിൽ

2,25,000/- രൂപയും പ്രോജക്ട് നമ്പർ 151/22 ജലനിധിക്ക് വിഹിതം നൽകൽ എന്ന പദ്ധതിയിൽ 1,76,610/- രൂപയും വകയിരുത്തി ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

5. സാക്ഷരത പ്രേരകമാർക്ക് ഹോണറേറിയം ഇനത്തിൽ 32,640/- രൂപയും മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി ഭരണചെലവുകൾക്കായി 11,82,001/- രൂപയും തനത് ഫണ്ടിൽ നിന്നും അഡ്വാൻസായി നൽകിയത് ക്രമീകരിച്ചിട്ടില്ല.

6. വിവിധ നികുതിനികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും തുകകളിലെ വ്യത്യാസം താഴെ കൊടുക്കുന്നു. വരവുകളുടെ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് സാധിച്ചിട്ടില്ല.

| ഇനം | വാർഷിക കണക്ക് | | | രജിസ്റ്റർ/റിപ്പോർട്ട് | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| തൊഴിൽ നികുതി | 915850 | 882100 | 0 | 972220 | 915850 | 56370 |
| ലേലം (Sale Of Other Stores And Scrap) | 381000 | 0 | 0 | 381000 | 381000 | 0 |

7. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ചുള്ള മാസാന്ത്യ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

8. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റും ഡിപ്രീസിയേഷന്റെ കാൽക്കുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ഐ - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രീസിയേഷൻ തുകയുടെ (₹ 1,03,47,888/-) കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. ഫാക്ടറി - വ്യപാര ലൈസൻസ് ഇനത്തിൽ 2,68,450/- ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ വരവ്, നിക്കീയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ,

അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മുൻബാക്കി, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് - (05 /2021-22/28.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,12,55,502.25 |
| വരവ് | 9,37,11,166 |
| ആകെ | 10,49,66,668.25 |
| ചെലവ് | 8,43,85,040 |
| നീക്കിയിരിപ്പ് | 2,05,81,628.25 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17125468 | 17125468 | 16333579 | 791889 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1643666 | 1643666 | 1609200 | 34466 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1316864 | 1316864 | 1252974 | 63890 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17851000 | 17851000 | 17559005 | 291995 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6541952 | 6541952 | 6031566 | 510386 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | Treasury | 3900732 | 3900732 | 2379468 | 1521264 |
| | PFMS | 5552000 | 5552000 | 2573069 | 2978931 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്) | Treasury | 1103191 | 1103191 | 1057176 | 46015 |
| | PFMS | 3702000 | 3702000 | 3107225 | 594775 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 106650632 | 21599563 |

| | | |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 5610334 | 1565334 |
| വികസനഫണ്ട് (ടി.എസ്.പി) | 7231841 | 1518241 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 11617235 | 6492235 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 222 | 103863536 | 197 | 65081526 | 25 | 88.73 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 10 | 8 | 3421481 | 2073064 | 60.58 |
| വെറ്ററിനറി സർജൻ | 15 | 15 | 4518284 | 3165904 | 70.09 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 4357200 | 4107044 | 94.25 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 491793 | 491793 | 100 |
| ഫിഷറീസ് | 2 | 2 | 1167000 | 310760 | 26.62 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 14 | 40282223 | 10994537 | 27.29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 5838434 | 4879793 | 83.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 101 | 31470026 | 29162247 | 92.66 |
| ഡയറി ഫാം ഓഫീസർ | 2 | 2 | 2500000 | 2227889 | 89.11 |
| സെക്രട്ടറി | 45 | 29 | 9235521 | 7086374 | 76.72 |
| അസി. സെക്രട്ടറി | 2 | 2 | 79574 | 79574 | 100 |
| ഹെഡ് മാസ്റ്റർ | 4 | 4 | 502000 | 501547 | 99.90 |
| ആകെ | 222 | 197 | 103863536 | 65081526 | 62.66 |

ഡി.പി.സി. അഗീകാരം ലഭിച്ച 222 പ്രൊജക്ടുകളിൽ 197 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 10,38,63,536/- രൂപ വകയിരുത്തിയതിൽ 6,50,81,526/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 10,14,122/- രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 17125468 | 17125468 | 16333579 | 791889 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 1643666 | 1643666 | 1609200 | 34466 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1316864 | 1316864 | 1252974 | 63890 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17851000 | 17851000 | 17559005 | 291995 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6541952 | 6541952 | 6031566 | 510386 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| ആകെ | | 44478950 | 44478950 | 42786324 | 1692626 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച 5,87,36,873/- രൂപയിൽ 16,92,626/- രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടതായി കാണുന്നു. സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4675200 | 316 |
| വികലാംഗ പെൻഷൻ | 29,53,800 | 200 |
| വാർദ്ധക്യകാലപെൻഷൻ | 1,99,62,800 | 1383 |
| അഗതി പെൻഷൻ | 96,22,800 | 632 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30,000 | 1 |
| മിശ്രവിവാഹിതർക്കുള്ള വിവാഹധനസഹായം | 50,000 | 1 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2023 ന് രാവിലെ 10.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 97,491 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് പരിശോധിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1- 9 വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021 ലെ സ.ഉ.(സാധാ) നം. 1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധികമാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021 ലെ സ.ഉ.(സാധാ) നം. 1607/2021 /ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/കമ്മിറ്റി കോർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, സ്പോൺസർഷിപ്പ് എന്നിവയിലൂടെ

ധനം സ്വരൂപിക്കുന്നതിന് മേൽ ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഗ്രാമ പഞ്ചായത്തിലേക്ക് ലഭിച്ച റസീത് ബുക്ക് നമ്പർ 2247 ലെ ഒന്നാം നമ്പർ രശീതി പ്രകാരം 15.7.2022 ന് വാതിൽപ്പടി സേവനത്തിനായി 500 രൂപ കളക്ഷൻ നടത്തിയിട്ടുണ്ട്. ഈ തുക കുടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലാണ് ( നം. 40180101050765, കേരള ഗ്രാമീൺ ബാങ്ക്, കൂടരഞ്ഞി ശാഖ) നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 25.02.2023 ന് 500 രൂപ നീക്കിയിരിപ്പുണ്ട്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ രസീത് ബുക്കുകളുടെ എണ്ണം, വാങ്ങിയ തീയതി, വൗച്ചർ നമ്പർ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച റസീത് ബുക്ക് നമ്പർ 2247 സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്. 25.02.2023 ന് നടത്തിയ ഭൗതിക പരിശോധനയിൽ വാതിൽപ്പടി സേവനപദ്ധതിക്കായി ലഭിച്ച ഉപയോഗിക്കാത്ത രസീത് ബുക്ക് നമ്പർ 2248 കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഈ പദ്ധതിക്കായി എത്ര രസീത് ബുക്കുകൾ ലഭിച്ചെന്ന കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി കേരള ഗ്രാമീൺ ബാങ്കിൽ നിലവിലുള്ള 40180101050765 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും 40180101050765 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ പുതിയ സംയുക്ത അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്. കൂടാതെ ഈ പുതിയ സംയുക്ത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ – ഓർഡിനേറ്ററായ അസിസ്റ്റന്റ് സെക്രട്ടറി അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

മേൽ വിഷയത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്നും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ

രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 25.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1- 10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പ്രഭാകര ആയുർവ്വേദിക് ഫാർമസ്യൂട്ടിക്കൽസ് |
| 2 | കക്കാടംപൊയിൽ ക്ഷീരോൽപ്പാദക സഹകരണസംഘം |
| 3 | തേക്കിൻചുവട് ഗ്രാനൈറ്റ് |
| 4 | മാർജിൻലെസ് സൂപ്പർമാർക്കറ്റ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1 – 11 ശ്മശാന നിർമ്മാണം - ഫീസിബിലിറ്റി ഉറപ്പാക്കാതെ പദ്ധതി രൂപീകരിച്ചു - പദ്ധതി ഉപേക്ഷിച്ചിട്ടും ജില്ലാപഞ്ചായത്ത് വിഹിതം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു.

285/22 നമ്പർ പദ്ധതി പ്രകാരം ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് ആവശ്യമായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനാണ് സംയുക്ത പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സ്ഥലത്തിന്റെ അനുയോജ്യത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറോട് അവശ്യപ്പെട്ടത് അനുസരിച്ച് പഠനം നടത്തുകയും പ്രസ്തുത സ്ഥലം ശ്മാനനിർമ്മാണത്തിന് അനുയോജ്യമല്ല എന്ന റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അന്തിമപദ്ധതിയിൽ നിന്ന് പ്രസ്തുത പദ്ധതി ഒഴിവാക്കി. എന്നാൽ ഈ പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 50,00,000/-രൂപ ലഭിച്ചതായി വാർഷിക കണക്ക് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സംയുക്തപദ്ധതിയായി രൂപീകരിച്ച മേൽ പദ്ധതി സുലേഖയിൽ മാപ്പിംഗ് നടപടി നടത്തിയിട്ടുണ്ടോ

എന്ന് വ്യക്തമല്ല. പദ്ധതി സുലേഖയിൽ മാപ്പിംഗ് നടത്തി റിക്വിസിഷൻ നൽകിയാൽ മാത്രമേ പദ്ധതി ചെലവിനായി തുക അലോട്ട്മെന്റായി ലഭ്യമാവുകയുള്ളൂ. ഈ പദ്ധതിയുടെ കാര്യത്തിൽ മേൽ നടപടികൾ ചെയ്തിട്ടുണ്ടെയെന്ന് വ്യക്തമല്ല. ജില്ലാപഞ്ചായത്ത് നൽകിയ 50,00,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ 19/03/2022 ന് ക്രഡിറ്റ് ആയി. സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കേണ്ടത് ഒരു STSB അക്കൗണ്ടിലാണ്. എന്നാൽ സംയുക്ത ഫണ്ടിനായി ലഭിച്ച മേൽ തുക ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ചിട്ടുള്ളത് എസ്.ബി.ഐ 30917491165 നമ്പർ തനത് ഫണ്ട് അക്കൗണ്ടിലാണ്.

23.01.2017 ലെ ധനകാര്യ വകുപ്പിന്റെ സ. ഉ (പി) നം. 07/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ട് - മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനായി ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണെന്നും സെപ്റ്റംബർ 30 ന് മുൻപ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ തുക ലഭ്യമായ സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും ഈ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉപേക്ഷിച്ച പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 50,00,000/-രൂപ ലഭിച്ചതെങ്ങനെയെന്നും, ലഭിച്ച് ഒരു വർഷമായിട്ടും സർക്കാരിലേക്ക് തിരികെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, തുടർ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2021-22/28.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അന്തിമപദ്ധതി പ്രകാരം ഇല്ലാത്ത പദ്ധതിയ്ക്ക് തുക ലഭ്യമാക്കി ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ തുക പലിശ സഹിതം സർക്കാരിലേക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1- 12 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം

81,500/- രൂപ അവശേഷിക്കുന്നുണ്ട്. 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത 74,500/- രൂപയും 17/11/2021 ലെ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത 7,000/- രൂപയും ചേർന്നതാണ് ഈ തുക. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/2021– 22/28.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 കുടിവെള്ള പദ്ധതിയ്ക്കുള്ള മോട്ടോർ ടെണ്ടറില്ലാതെ റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നം./പേര് | 198/2022 കൽപൂർ കുടിവെള്ള പദ്ധതി |
| അടങ്കൽ | 2,00,000/- (സി. എഫ്. സി ടൈഡ്) |
| ചെലവ് | 1,37,719/- |
| ബിൽ നം. | 413/17.3.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് റിപ്പോർട്ട്, 17.12.2021 ലെ പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം. 2, എന്നിവ പ്രകാരം മേൽ പദ്ധതിക്കായി 7.5 എച്ച്. പി ഓപ്പൺവെൽ മോട്ടോർ പമ്പ്സെറ്റ് റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഭരണസമിതിയുടെ 18.1.2022 ലെ തീരുമാനം നം. 2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്). സെക്രട്ടറിയുടെ 03.01.2022 ലെ എ1/123/21 പ്രകാരം 7.5 എച്ച്. പി മോട്ടോർ പമ്പ്സെറ്റും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റെയ്ഡ്കോ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 7.5 എച്ച്. പി ഡെക്കാൻ മോട്ടോർ വില - 58,000/-, 7.5 എച്ച്. പി കൺട്രോൾ

പാനൽ വില - 23,800/- ഇൻസ്റ്റലേഷൻ ചാർജ് - 26,000/- മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 29,919 രൂപ ഉൾപ്പെടെ ആകെ 1,37,719/- രൂപ മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. മോട്ടോർ സ്ഥാപിച്ചതിന് റെഡ്കോ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക റെയ്ഡ്കോയ്ക്ക് നൽകുകയാണ് ചെയ്തത്.

2) സെക്രട്ടറി റെയ്ഡ്കോയുമായി കരാർ വെച്ചിട്ടില്ല.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

4) റെയ്ഡ്കോ കുടിവെള്ള പദ്ധതികൾക്കാവശ്യമായ വലിയ പമ്പ്സെറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സ്ഥാപനമാണെന്നും രജിസ്ട്രേഷൻ പുതുക്കിയതിനുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

5) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡ്കോ നിർമ്മിച്ചതല്ല. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ, മോട്ടോറിന്റെ വാറന്റി പേപ്പർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ പദ്ധതി നടപ്പാക്കിയതിനും മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1- 14 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 ) ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | എം. സി. എഫിൽ നിന്നും റിജക്ട് പ്ലാസ്റ്റിക്ക് വേസ്റ്റ് നീക്കം ചെയ്യൽ | സെക്രട്ടറി | 1,47,880 | - |
| 2 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | വി. ഇ. ഒ | 90,000 | 71,393 |
| 3 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | വി. ഇ. ഒ | 2,50,000 | 1,42,900 |
| 4 | ഹരിത സഹായ സ്ഥാപനത്തിന് | വി. ഇ. ഒ | 17,901 | 17,901 |

| | | | | |
|---|---|---|---|---|
| | തുക നൽകൽ | | | |
| 5 | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ | വി. ഇ. ഒ | 54,000 | 53,703 |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കരാർ നമ്പർ, തീയതി | നിരക്ക്/കി. ഗ്രാം ( രൂപയിൽ ) |
|---|---|---|---|
| 1 | നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് | 7/2020-21<br>9.10.2020 | 7.50 |
| 2 | ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി. | 12/2021-22<br>7.12.2022 | 6.93 |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റുമായി ഗ്രാമ പഞ്ചായത്ത് 9.10.2020 ന് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും മുഴുവൻ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ. എൽ. പി. എന്ന സ്ഥാപനവുമായി 7.12.2022 ന് പുതിയതായി കരാറിൽ ഏർപ്പെടുകയായിരുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നും നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് വഴി കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | മാലിന്യം കയറ്റി അയച്ച | തൂക്കം | ഇനം |
|---|---|---|---|

| നമ്പർ | തീയതി | (കി.ഗ്രാം) | |
|---|---|---|---|
| 1 | 6.11.2021 | 2,635 | തരം തിരിക്കാത്തവ |
| 2 | 19.11.2021 | 1,410 | തരം തിരിക്കാത്തവ |
| 3 | 22.12.2021 | 2,370 | തരം തിരിക്കാത്തവ |
| 4 | 24.12.2021 | 2,520 | തരം തിരിക്കാത്തവ |
| | ആകെ | 8,935 | |

മേൽ പ്രകാരം അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് 67,012 രൂപ ( 8,935 X 7.5 ) ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുക നാളിതു വരെ നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്ന് ശുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ ഏറ്റെടുത്ത മേൽ സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് മേൽ സ്ഥാപനം പറയുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

കൂടാതെ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും ആകെ 4 ലോഡ് മാലിന്യം മാത്രമാണ് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് കയറ്റിക്കൊണ്ടു പോയത്. ഗ്രാമ പഞ്ചായത്ത് രേഖാമൂലം നിരന്തരം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും മുഴവൻ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് തയ്യാറായിട്ടില്ല. ഇത് സ്ഥാപനം ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിന്റെ ലംഘനമാണ്.

2) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമ പഞ്ചായത്തിൽ 2019 - ൽ 18 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 26 പേർ ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നു. രൂക്ഷമായ കോവിഡിനു ശേഷം മാലിന്യ ശേഖരണം പുനരാരംഭിച്ചെങ്കിലും 2021- 22 വർഷം ഹരിത കർമ്മസേനക്ക് വളരെ കുറഞ്ഞ കളക്ഷൻ മാത്രമാണ് ലഭിച്ചത്. 2021- 22 വർഷം വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വി. ഇ. ഒ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 71,393 രൂപ ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനായി ഓഡിറ്റ് വർഷം പ്രോജക്ട് രൂപീകരിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഈ ആവശ്യത്തിനായി പ്രോജക്ട് നടപ്പിലാക്കി ഹരിതകർമ്മ സേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ

ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ മാലിന്യം നീക്കം ചെയ്യുന്നതിലെ പോരായ്മകൾ, മറ്റ് അപാകതകൾ എന്നിവക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 28.2.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 1- 15 മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യാത്തതിനാൽ സർക്കാരിന് അധിക ബാദ്ധ്യത

വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയുടെ വിതരണ വിവരവും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷനും സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. നിലവിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷനും പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടെ പെൻഷനും സസ്പെൻഡ് ചെയ്യുന്നില്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ മരണപ്പെട്ട വ്യക്തിയുടെ

അക്കൗണ്ടിലേക്ക് പെൻഷൻ പോവുന്നുണ്ട് .

അതിനാൽ അനർഹമായ കാലയളവിലേക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുകയാണ്. മരണപ്പെട്ട പലരുടെയും പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അനർഹമായ കാലത്തേക്ക് അനുവദിച്ച വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | പേര് | പെൻഷൻ വിവരം | മരണം നടന്ന തിയ്യതി | പ്രതി മാസ പെൻ ഷൻ തുക | പെൻ ഷൻ അനുവ ദിച്ചത് | അധിക മായി നൽകിയ തുക | വിതരണം |
|---|---|---|---|---|---|---|---|
| 110480600582 | അച്ചാമ്മ അബ്രഹാം | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 23.3.22 | 1600 | 4/22, 5/22 | 1600x2 3200 | അക്കൗണ്ട് മുഖേന (സസ്പെൻ ഡഡ്) |
| 2220189996 | ഫിലിപ്പ് എം. ജെ | കർഷക തൊഴി ലാളി | 31.01.22 | 1600 | 2/22 മുതൽ 9/22 വരെ | 1600x8 =12800 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| 2220189932 | മറിയക്കുട്ടി | കർഷക തൊഴി ലാളി | 22.01.22 | 1600 | 2/22 | 1600 | അക്കൗണ്ട് മുഖേന (സസ്പെൻ ഡഡ്) |
| 110480200625 | ചാക്കോ തോമസ് | ഇന്ദിരാ ഗാന്ധി ദേശീയ | 16.11.21 | 1600 | 12/21 മുതൽ 12/22 | 1600x13= 20800 | അക്കൗണ്ട് മുഖേന (ആക്ടീവ്) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാർദ്ധക്യകാല പെൻഷൻ) | | | വരെ | | |
| 110480201117 | റോസമ്മ | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 24.9.21 | 1600 | 10/21 മുതൽ 12/22 വരെ | 1600x15 24000 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| 110480200096 | ചാക്കോ മത്തായി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 16.08.21 | 1600 | 09/21 മുതൽ 12/22 വരെ 11/22, 10/22 ഒഴികെ | 1600x14 22400 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| | | | | | | 84,800 | |

ജി.ഒ (എം.എസ്) നം. 97/2020/ധന തീ. 23-09-2020 ലെ ക്രമ നമ്പർ 12 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ആയത് ചെയ്യാത്തത് മൂലമാണ് മേൽ പ്രകാരം പെൻഷൻ അനുവദിക്കേണ്ടി വന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20-21-22/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അംഗൻവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിച്ച് മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കനവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. പെൻഷൻ ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകി തുക

സർക്കാരിലേക്ക് തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. അധികമായി നൽകിയ പെൻഷൻ തുക സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. ആയതിനാൽ 84800/- രൂപ നിരാകരിക്കുന്നു. അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അനർഹമായി നൽകിയ സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

1 - 16 വരൾച്ചാ സമയത്തെ കുടിവെള്ളവിതരണം - അപാകതകൾ

2021-22 വർഷത്തെ പ്രോജക്ട് നമ്പർ 193/22, 122/22 എന്നിവ പ്രകാരം 7,36,440/- രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടരഞ്ഞി എഫ്.എച്ച്.സി.യിലെ എച്ച്. ഐ ശേഖരിച്ച് പരിശോധനയ്ക്കായി നൽകിയ കുടിവെള്ള സ്രോതസ്സിലെ വെള്ളത്തിന്റെ 07/04/21 ലെ ഗുണനിലവാര റിപ്പോർട്ട് പ്രകാരം –

എ. " PH Of The Water Sample Is Lower Than The Acceptable Limit ".

ബി. " Turbidity Of The Water Sample Is Higher Than The Acceptable Limit ".

സി. " Total Coliform Is Present In The Water Sample " എന്നാണ്.

2. ഈ കുടിവെള്ളം കുടിക്കുവാൻ അനുവദനീയമായ പരിധിയിൽപ്പെട്ടതല്ലെന്ന് കാണിച്ചു നൽകിയ റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിച്ചതല്ലാതെ, എച്ച്. ഐ യോ, പഞ്ചായത്ത് അധികൃതരോ കുടിവെള്ളം ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ച് യതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഈ കുടിവെള്ളം ഏതു വിധേന ഉപയോഗയോഗ്യമാക്കണം എന്നത് സംബന്ധിച്ച റിപ്പോർട്ട് എച്ച്. ഐ ഗ്രാമപഞ്ചായത്തിൽ നൽകിയതായി കാണുന്നില്ല.

3. കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടും അതേ കരാറുകാരന്റെ (ശ്രീ. ഷാജർ പി. എ) കുടിവെള്ളം തന്നെ വിതരണത്തിനായി അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ച വാഹനങ്ങളിൽ KL 57 L -7630 എന്ന വാഹനത്തിൽ രേഖകൾ പ്രകാരം ജി.പി.എസ് ഘടിപ്പിച്ചതായി കാണുന്നില്ല. പകരം KL 56 M – 8475 എന്ന വാഹനത്തിൽ ഘടിപ്പിച്ചതായും ആയതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് തുക അനുവദിച്ചതായും കാണുന്നു.

5. ജി.പി.എസ് റിപ്പോർട്ടും, ലോഗ് ബുക്ക് റിപ്പോർട്ടും തമ്മിൽ 351 കിലോമീറ്ററിന്റെ വ്യത്യാസം കാണുന്നു. എന്നാൽ ഈ വ്യത്യാസം നിലനിൽക്കേ ഇതുൾപ്പെടെയുള്ള തുക അനുവദിച്ചിട്ടുണ്ട്.

6. ഉപയോഗിക്കുന്ന വാഹനങ്ങൾ പരിശോധിച്ച് വാഹനം, കുടിവെള്ള ടാങ്ക് എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2021–22/24.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 7,36,440/- രൂപ നിരാകരിക്കുന്നു. കുടിക്കാൻ യോഗ്യമല്ലാത്ത വെള്ളം നൽകിയത് അംഗീകരിക്കുന്നില്ല.

1 - 17 പഞ്ചായത്ത് ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കൽ - അപാകതകൾ

2021 - 22 വർഷം നടപ്പിലാക്കിയ പദ്ധതി പ്രകാരം (189/22) പഞ്ചായത്ത് ഓഫീസിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനായി 16 സി. സി. ടി. വി ക്യാമറകൾ വാങ്ങുകയും ആയതിനാൽ 1,46,509/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെൻഡറിൽ പങ്കെടുത്ത 9 സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെക്നോളജീസ് ആന്റ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കാതിരിക്കാൻ ഉള്ള കാരണം വ്യക്തമാക്കിയിട്ടില്ല. 17.03.2022 ലെ ഭരണസമിതി തീരുമാനപ്രകാരം (5/1) ടെണ്ടറുകളിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് അനുയോജ്യമായ ഭരണസമിതി കണ്ടെത്തിയ ലോക് ആന്റ് സെക്യൂർ സിസ്റ്റംസ്, പുതിയറ, കോഴിക്കോട് എന്ന സ്ഥാനപത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ അനുയോജ്യതയും/മറ്റ് സ്ഥാപനത്തിന്റെ അനുയോജ്യത ഇല്ലായ്മയും എങ്ങനെയാണ് ഭരണസമിതി തീരുമാനിച്ചത് എന്നുള്ള കാര്യം വ്യക്തമല്ല.

2. 11 സി.സി.ടി.വി ക്യാമറകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുകയും പിന്നീട് 16 സി. സി. ടി. വി ക്യാമറകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ആവശ്യകത നിർണ്ണയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനും രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2021-22 തീയതി 1/3/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1- 18 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി

2,000/- രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 29.9.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ, കുടിശ്ശിക വരിസംഖ്യ എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 4,000/- രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2020-21 വർഷത്തെ കുടിശ്ശിക വരിസംഖ്യ | 22100045, 22.4.2021 | 889407, 22.4.2021 |
| 2,000 | 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100490, 25.10.2021 | 889431, 25.10.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയരക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയരക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയോ തെരുവു വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമ പഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 25.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

### 1-19 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും

അവിടെ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ച് ലഭിക്കുന്ന അളവ് പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും ഓരോ പ്രവൃത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവ് പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവ് വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവ് പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. കുടരഞ്ഞി ഗ്രാമ പഞ്ചായത്ത് 2021-22 ൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 06-01-2022 ലാണ് ഈ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗിൽ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) 11/2018/ ത.സ്വ.വഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2, 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ

പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1- 21 ഒരേ റോഡിലുള്ള പ്രവർത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ

2021-22 കാലയളവിൽ കുളിരാമുട്ടി പഴയ സ്രാമ്പിക്കൽ റോഡ്, താഴെ പെരുമ്പൂള കുരിയോട് എസ്. ടി. കോളനി റോഡ്, കുമ്പാറ കരഞ്ഞത്തുംപാറ റോഡ് എന്നീ റോഡുകളിൽ രണ്ടു വീതം പ്രോജക്ട് തയ്യാറാക്കി റോഡ് പ്രവൃത്തി ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറു കാരൻ | ടെണ്ടർ തിയ്യതി | ടെണ്ടർ നിരക്ക് | എഗ്രിമെന്റ് നമ്പർ | സാങ്ഷൻ ഓർഡർ നമ്പർ, തുക |
|---|---|---|---|---|---|---|---|
| | താഴെ പെരുമ്പൂള കുരിയോട് എസ്. ടി. കോളനി റോഡ് | | | | | | |
| 1 | 210/22 | 805,000/- | സണ്ണി ആക്കേൽ | 04-11-2020 | 474,014 | 62/20-21/ 23-12-2020 | 272/12-03-2021, 470,085/-, 378/ 17-03-2022, 284,749/- |
| 2 | 148/22 | 500,000/- | ഷിജിൽ എം. യു | 17-10-2021 | 387,720 | 57/21-22/ 16-11-2021 | 379/ 17-03-2022, 434,246/- |
| | കുളിരാമുട്ടി പഴയ സ്രാമ്പിക്കൽ റോഡ് | | | | | | |
| 1 | 159/22 | 250,000/- | KLCCS | 16-09-2021 | 13.2% എസ്റ്റിമേറ്റ് റേറ്റിനേക്കാൾ കുറവ് | 19/21-22/ 08-10-2021 | 200/ 10-01-2022, 224,795/- |
| 2 | 172/22 | 150,000/- | KLCCS | 16-09-2021 | 10.7% എസ്റ്റിമേറ്റ് റേറ്റിനേ | 22/21-22/ 08-10-2021 | 208/ 13-01-2022, 133,932/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ക്കാൾ കുറവ് | | |
| കുമ്പാറ കുരങ്ങത്തുംപാറ റോഡ് | | | | | | | |
| 1 | 218/22 | 460,000/- | ജോൺ പി. യു | 26-02-2021 | എസ്റ്റിമേറ്റ് റേറ്റ് | 1/21-22/ 24-5-2021 | 41/ 26-07-2021, 458,337/- |
| 2 | 227/22 | 490,000/- | ജോൺ പി. യു | 17-09-2021 | 10% എസ്റ്റിമേറ്റ് റേറ്റിനേക്കാൾ കൂടുതൽ | 12/21-22/ 29-9-2021 | 376/ 17-03-2022, 522,295/-, |

ഒരേ റോഡിലുള്ള പ്രവൃത്തിക്ക് സമഗ്രമായി പദ്ധതി തയ്യാറാക്കാതെ വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി. 29.01.2018 ഖണ്ഡിക 7.13.12 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് 2018-19 മുതൽ നാളിതുവരെ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/2021-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ : ചെറിയ പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നു

പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ആകെ 104 പ്രവൃത്തികളാണ് അസി. എഞ്ചിനീയർ ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 56 എണ്ണം 3 ലക്ഷം രൂപയിൽ താഴെ അടങ്കൽ ഉള്ളതാണ്. ഇതിൽ തന്നെ 25 പ്രൊജക്ടുകളാകട്ടെ 2 ലക്ഷം രൂപയിൽ താഴെ മാത്രം അടങ്കൽ ഉള്ളതാണ്. ഒരേ റോഡിൽ ചെറിയ ചെറിയ റീച്ചുകളിൽ ചെറിയ തുക വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/2021-22 ) മറുപടി

ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3 -1 മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യാത്തതിനാൽ സർക്കാരിന് അധിക ബാദ്ധ്യത -84800/-

വിധവ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയുടെ വിതരണ വിവരവും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷനും സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നില്ല. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. നിലവിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ പെൻഷനും പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടെ പെൻഷനും സസ്പെൻഡ് ചെയ്യുന്നില്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പെൻഷൻ പോവുന്നുണ്ട് .

അതിനാൽ അനർഹമായ കാലയളവിലേക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുകയാണ്. മരണപ്പെട്ട പലരുടെയും പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അനർഹമായ കാലത്തേക്ക് അനുവദിച്ച വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വിധവ പെൻഷൻ എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | പേര് | പെൻഷൻ വിവരം | മരണം നടന്ന തിയ്യതി | പ്രതി മാസ പെൻ ഷൻ തുക | പെൻ ഷൻ അനുവ ദിച്ചത് | അധിക മായി നൽകിയ തുക | വിതരണം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 110480600582 | അച്ചാമ്മ അബ്രഹാം | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 23.3.22 | 1600 | 4/22, 5/22 | 1600x2 3200 | അക്കൗണ്ട് മുഖേന (സസ്പെൻഡഡ്) |
| 2220189996 | ഫിലിപ്പ് എം. ജെ | കർഷക തൊഴിലാളി | 31.01.22 | 1600 | 2/22 മുതൽ 9/22 വരെ | 1600x8 =12800 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| 2220189932 | മറിയക്കുട്ടി | കർഷക തൊഴിലാളി | 22.01.22 | 1600 | 2/22 | 1600 | അക്കൗണ്ട് മുഖേന (സസ്പെൻഡഡ്) |
| 110480200625 | ചാക്കോ തോമസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 16.11.21 | 1600 | 12/21 മുതൽ 12/22 വരെ | 1600x13 =20800 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| 110480201117 | റോസമ്മ | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 24.9.21 | 1600 | 10/21 മുതൽ 12/22 വരെ | 1600x15 24000 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| 110480200096 | ചാക്കോ മത്തായി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 16.08.21 | 1600 | 09/21 മുതൽ 12/22 വരെ 11/22, 10/22 ഒഴികെ | 1600x14 22400 | അക്കൗണ്ട് മുഖേന (ആക്ടീവ്) |
| | | | | | | 84,800 | |

ജി.ഒ (എം.എസ്) നം. 97/2020/ധന തീ. 23-09-2020 ലെ ക്രമ നമ്പർ 12 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ആയത് ചെയ്യാത്തത് മൂലമാണ് മേൽ പ്രകാരം പെൻഷൻ അനുവദിക്കേണ്ടി വന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20-21-22/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി വിവരങ്ങൾ ശേഖരിച്ച് മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. പെൻഷൻ ഇനത്തിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകി തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. അധികമായി നൽകിയ പെൻഷൻ തുക സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. ആയതിനാൽ 84800/- രൂപ നിരാകരിക്കുന്നു. അനർഹരായവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അനർഹമായി നൽകിയ തുക സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതുമാണ്.

## 3-2 വരൾച്ചാ സമയത്തെ കുടിവെള്ളവിതരണം - അപാകതകൾ

2021-22 വർഷത്തെ പ്രോജക്ട് നമ്പർ 193/22, 122/22 എന്നിവ പ്രകാരം 7,36,440/- രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൂടരഞ്ഞി എഫ്.എച്ച്.സി.യിലെ എച്ച്. ഐ ശേഖരിച്ച് പരിശോധനയ്ക്കായി നൽകിയ കുടിവെള്ള

സ്രോതസ്സിലെ വെള്ളത്തിന്റെ 07/04/21 ലെ ഗുണനിലവാര റിപ്പോർട്ട് പ്രകാരം –

എ. " PH Of The Water Sample Is Lower Than The Acceptable Limit ".

ബി. " Turbidity Of The Water Sample Is Higher Than The Acceptable Limit ".

സി. " Total Coliform Is Present In The Water Sample " എന്നാണ്.

2. ഈ കുടിവെള്ളം കുടിക്കുവാൻ അനുവദനീയമായ പരിധിയിൽപ്പെട്ടതല്ലെന്ന് കാണിച്ച നൽകിയ റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിച്ചതല്ലാതെ, എച്ച്. ഐ യോ, പഞ്ചായത്ത് അധികൃതരോ കുടിവെള്ളം ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ച് യതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഈ കുടിവെള്ളം ഏതു വിധേന ഉപയോഗയോഗ്യമാക്കണം എന്നത് സംബന്ധിച്ച റിപ്പോർട്ട് എച്ച്. ഐ ഗ്രാമപഞ്ചായത്തിൽ നൽകിയതായി കാണുന്നില്ല.

3. കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടും അതേ കരാറുകാരന്റെ (ശ്രീ. ഷാജർ പി. എ) കുടിവെള്ളം തന്നെ വിതരണത്തിനായി അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ച വാഹനങ്ങളിൽ KL 57 L -7630 എന്ന വാഹനത്തിൽ രേഖകൾ പ്രകാരം ജി.പി.എസ് ഘടിപ്പിച്ചതായി കാണുന്നില്ല. പകരം KL 56 M – 8475 എന്ന വാഹനത്തിൽ ഘടിപ്പിച്ചതായും ആയതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് തുക അനുവദിച്ചതായും കാണുന്നു.

5. ജി.പി.എസ് റിപ്പോർട്ടും, ലോഗ് ബുക്ക് റിപ്പോർട്ടും തമ്മിൽ 351 കിലോമീറ്ററിന്റെ വ്യത്യാസം കാണുന്നു. എന്നാൽ ഈ വ്യത്യാസം നിലനിൽക്കേ ഇതുൾപ്പെടെയുള്ള തുക അനുവദിച്ചിട്ടുണ്ട്.

6. ഉപയോഗിക്കുന്ന വാഹനങ്ങൾ പരിശോധിച്ച് വാഹനം, കുടിവെള്ള ടാങ്ക് എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2021-22/24.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ തുക നിരാകരിക്കുന്നു. കുടിക്കാൻ യോഗ്യമല്ലാത്ത കുടിവെള്ളം നൽകിയ നടപടി അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4 -1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റിന്റെ | ഈ റിപ്പോർട്ടിന്റെ |

| | ഭാഗമായി പരിശോധിച്ച | അനുബന്ധമായി പുറപ്പെടുവിച്ച |
|---|---|---|

## 4 -2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 167400 | ലൈഫ് ഭവനപദ്ധതി- എസ്. സി | 167400 | |
| | 2021-22 | 780000 | ലൈഫ് ഭവനപദ്ധതി- ജനറൽ | 780000 | |
| | 2021-22 | 330400 | ലൈഫ് ഭവനപദ്ധതി- പട്ടികവർഗ്ഗം | 330400 | |
| | 2021-22 | 100000 | അങ്കണവാടി പോഷാ കാഹാര പരിപാടി | 100000 | |
| | 2021-22 | 291850 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് യാത്രബത്ത, വസ്ത്രബത്ത, പഠന സാമഗ്രി ബത്ത | 291850 | |
| | 2021-22 | 200000 | മിൽക്ക് ഇൻസന്റീവ് | 200000 | |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 400000 | മിൽക്ക് ഇൻസന്റീവ് - വനിത | 400000 | |
| ആകെ | | 2269650 | | 2269650 | |
| | 2021-22 | 200000 | കാർഷികവിള സംരക്ഷണ ത്തിന് സൗരോർജ്ജ വേലി | 200000 | |
| | 2021-22 | 180000 | പശുഗ്രാമം – വനിത | 180000 | |
| | 2021-22 | 138000 | മുട്ടഗ്രാമം – ജനറൽ | 138000 | |
| | 2021-22 | 172600 | ലൈഫ് ഭവനപദ്ധതി- എസ്.സി | 172600 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 360000 | ലൈഫ് ഭവനപദ്ധതി- പട്ടികവർഗ്ഗം | 360000 | |
| | 2021-22 | 291850 | ശാരീരീക മാനസിക വെല്ലു വിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ്, മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് യാത്രബത്ത, വസ്ത്രബത്ത, പഠന സാമഗ്രി ബത്ത | 291850 | |
| | 2021-22 | 300000 | മിൽക്ക് ഇൻസന്റീവ് | 300000 | |
| | 2021-22 | 537533 | മിൽക്ക് ഇൻസന്റീവ് - വനിത | 537533 | |
| | 2021-22 | 50,00,000 | ഏതു പദ്ധതി ക്കാണെന്ന് വ്യക്തമല്ല | 0 | 50,00,000 |
| ആകെ | | 7179983 | | 2179983 | |

4-3 നിക്ഷേപ പ്രവർത്തിക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | | | 20,97,333 | - | |

| | | | | | | | |
|---|---|---|---|---|---|---|---|
| | മിഷൻ | | | | | | |

കുറിപ്പ് – ലോൺ രജിസ്റ്റർ ഹാജരാകാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള കണക്കിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ജി. ഒ പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ച 20,97,333/- രൂപയുടെ വിവരങ്ങളാണ്. അപാകതകൾ സംബന്ധിച്ച വിശദാംശം വാർഷിക കണക്ക് അപാകതയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സ്ഥിര നിക്ഷേപ നമ്പർ /തീയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| പ്രോമിസറി നോട്ട് കേരള സർക്കാർ | MS001170/19.08.1971 | NA | 1000 |
| മലപ്പുറം കോ-ഓപ്പ് സ്പിന്നിംഗ് മിൽ | 85/8.03.78 | Share Certificate | 100 |
| Total | | | 1100 |

മലപ്പുറം സ്പിന്നിംഗ് മിൽ അടച്ച് പൂട്ടിയതിനാൽ ഈ സ്ഥാപനത്തിന്റെ ഷെയർ ക്യാരി ഓവർ ചെയ്യുന്നത് നിഷ്ഫലമാണ്. ഈ ഷെയർ തുക അക്കൗണ്ടിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | തുക | പേര് | തീയതി | രസീതി നം. |
|---|---|---|---|---|
| 2016 -17 (3 -7) | 2,400 | ശ്രീ.ഗോപിനാഥൻ.സി | 13/10/21 | 121020101401 |
| 2016 -17 (3 -7) | 2,400 | ശ്രീ. രാജൻ.വി.സി | 22/10/21 | 121020101475 |
| | 4,800 | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.1.3.43 (1 To 3) 112 | കുടിവെള്ള ജലസേചന പദ്ധതികൾ പരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. | LFAC (19-21) ഖ.53 ൽ ആനക്കോട് കുടിവെള്ള പദ്ധതി മോട്ടോർ തിരി ച്ചെടുത്ത് ലേലം ചെയ്ത് പഞ്ചായ ത്തിൽ മുതൽ കൂട്ടിയ തിന്റെ വിവരം ലഭ്യമാ ക്കാൻ നിർദ്ദേശം. |
| 2001-02 | | 2004-05 | 11.13.35 117 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2002-03 | 2-5 | 2006-07 | 379.1.18-100 | നികുതി കാലഹരണം | പരാമർശം തുടരുന്നു. |
| 2002-03 | 3-3 | 2006-07 പൊതുപരാമർശം | 379.5.7 104 | വാട്ടർചാർജ് | പരാമർശം തുടരുന്നു. |
| 2002-03 | 3-5 | 2006-07 | 379.17.4 115 | നടപ്പാത നിർമ്മാണം പ്രവർത്തി പൂർത്തിയായില്ല. | പരാമർശം തുടരുന്നു. |
| | | 2014-15 | 4.1.4-25 | ഖരമാലിന്യ സംസ്കരണ സംവിധാനം | പരാമർശം തുടരുന്നു. |
| | | 2014-15 | 4.1.5-30 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണ ത്തിൽ മാത്രം ഒതുങ്ങുന്ന | പരാമർശം തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4, 187 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5, 211 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉദ്യോഗ സ്ഥന്റെ പേര്, തസ്തിക, ഭരണ സ്ഥാപനം | സർചാർജ്ജ് സർട്ടിഫിക്കറ്റ് | രസീത് നം. തീയതി | റവ ന്യൂ റി ക്ക റി | കോടതി വ്യവഹാ രങ്ങളിൽ | ആ കെ ല | അ വ ശേ | റി മാർ ക്ക് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നം | | | | | യില്ലൂടെ ഈടാക്കിയ തുക, തീയതി | | | ഭ്യമായ തുക | ഷിക്കുന്ന തുക/ ബാധ്യത | സ് |
| | | | നം. | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1996-97 | 12,13, 15,21 | എ.പി. സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെൽ 4/2000 തിയ്യതി 4.5.01 | 940 | 940/ 20944/ 76/14 തിയ്യതി 2.06.01 20932 /51 തിയ്യതി 27.01.01 | | | | | | |
| 2003-04 | 3-1 | എ.പി.സനൽ കമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയ്യതി 28.03.09 | 3650 | | | | | | 3650 | |

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4 -10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,37,11,166 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,43,85,040 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,21,240 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1600 | ശ്രീ.അജിത്ത്.പി.എസ് സെക്രട്ടറി ഇൻചാർജ്ജ് |
| 3-1 | 83200 | ശ്രീ.അൻസു.ഒ.എ സെക്രട്ടറി |
| 3-2 | 7,36,440 | ശ്രീ.അൻസു.ഒ.എ സെക്രട്ടറി |
| | 8,21,240 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും( ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജിത്ത്.പി.എസ് സെക്രട്ടറി ഇൻചാർജ്ജ് | അസി.സെക്രട്ടറി കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | ശങ്കരാമ്പത്ത് (വീട്) താമരശ്ശേരി.പി.ഒ കോഴിക്കോട് |
| ശ്രീ.അൻസു.ഒ.എ സെക്രട്ടറി | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | കളരിക്കൽ (വീട്) അതിരമ്പുഴ പി.ഒ കോട്ടയം |

4 -11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 6 (8b, 12, 19, 20, 21, 23) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ | 10(CAR) |

| | | |
|---|---|---|
| | 18/5.5.18 | |
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | ( 3) {2-1, 3-5, 3-6} |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | (2) {3-6,3-8} |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18.5.18 | (2) { 3-1,3-7} |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | (2){ 3-5,3-8} |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(2) 02.11.20 | 3-12 |
| 2007 -08 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(3) 02.11.20 | 2-12,3-9,3-10,3-26 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(4) 02.11.20 | 3-12,3-15,3-16 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(5) 02.11.20 | {3-1, 3-2, 3-5(2), 3-5(3), 3-7 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(6) 02.11.20 | {3-8, 3-9, 3-11, 3-19} |
| 2012 -13, 2013 -14 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(6) 02.11.20 | (3-1,3-2,3-3,3-7,3-8,3-9, 3-10,3-14,3-15,3-19 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(8) 02.11.20 | {(2-3(1), 2-3(2), 2-3(3), 3-1, 3-3, 3-4, 3-16, 3-17, )} |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(9) 02.11.20 | {2-2, 3-6, 3-8, 3-9, } |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ 20(10) 02.11.20 | { 2-2, 2-3, 2-4, 3-1, 3-4, 3, 5, 3-6, 3-7, 3-10, 3-12, 3-15, 3-16} |
| 2017 -18 | കെ.എസ്.എ.കെ.കെ.ഡി.പി9/317/ | 1-12, 2-3, 3-1, 3-4, 3-6 |

| | | |
|---|---|---|
| | 20(11) 02.11.20 | |
| 2018-19 | കെഎസ്.എ.കെ.കെ.ഡി.പി9/07/<br>2020/7.1.2020 | 1-9 മുതൽ<br>1-24 വരെ |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി.പി.4/<br>347/2022 /07/03/2022 | 1-1 മുതൽ<br>1-32 വരെ, |
| 2020 -21 | കെ.എസ്.എ/ കെ.കെ.ഡി /പി4/<br>925/ 2022/തീയതി 23.05.2022 | 1-1 മുതൽ 1-27 വരെ<br>2-1 മുതൽ 2-3 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്